16451
22/10/16

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി - അട്ടപ്പാടി മേഖലയിലെ തുല്യതാപഠന വിദ്യാർത്ഥികൾക്ക് തുല്യതാപരീക്ഷ എഴുതുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ)നം.2871/2016/പൊ.വി.വ തീയതി, തിരുവനന്തപുരം, 31/08/2016.

---

പരാമർശം : കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.07.2016 ലെ 2596/എൽ/2013/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശ കത്തിൽ വിവരിച്ചിട്ടുള്ള സാഹചര്യം പരിഗണിച്ച്, അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ടിന്റെ ഭാഗമായി അട്ടപ്പാടി മേഖലയിലെ പഠനം പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാർത്ഥികളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനും തുടർപഠനത്തിനുമായി കുടുംബശ്രീയുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന പ്രത്യേക സ്കൂളിലെ (ബ്രിഡ്ജ് സ്കൂൾ) 4-ാം ക്ലാസ്സ് തുല്യതാപഠന ക്ലാസ്സിലേക്കുള്ള 4 കുട്ടികൾക്കും, 7-ാം ക്ലാസ്സ് തുല്യതാപഠന ക്ലാസ്സിലേക്കുള്ള 11 കുട്ടികൾക്കും, 10-ാം ക്ലാസ്സ് തുല്യതാപഠന ക്ലാസ്സിലേക്കുള്ള 18 കുട്ടികൾക്കും ഈ അദ്ധ്യയന വർഷത്തിൽ തന്നെ തുല്യതാപരീക്ഷ എഴുതുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. (കുട്ടികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൻ. സുകുമാരൻ**
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ